ക്കേണ്ടതാണ്. ഇതുപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാകളക്ടർ പരിശോധിക്കേണ്ടതും കളക്ടറുടെ ശുപാർശയോടുകൂടി 15-3-2005-നകം ക്രോഡീകരിച്ച പട്ടിക സർക്കാരിലേക്ക് അയയ്ക്കേണ്ടതുമാണ്.

4. 9-6-2004-ലെ ജി. ഒ. (എംഎസ്.) 194/04/റവന്യൂ ഉത്തരവിൻ പ്രകാരം സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് 23-1-2004 മുതൽ 23-1-2005 വരെയുള്ള പലിശയും ഇളവ് ചെയ്യുന്നതായിരിക്കും.

5. 15-10-2004-ലെ ജി. ഒ. (എംഎസ്.) 310/04/റവന്യൂ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കർഷകർക്കുവേണ്ടി സമാശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം വയനാട് ജില്ലയിലെ കർഷകർ വിവിധ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും 2000-ന് ശേഷം എടുത്തിട്ടുള്ള 50,000 (അമ്പതിനായിരം രൂപ) വരെയുള്ള കാർഷിക വായ്പകൾക്ക് മൂന്ന് വർഷത്തേക്ക് സർക്കാർ ഏറ്റെടുത്ത പലിശ ബാദ്ധ്യത ലഭിക്കുന്നതിനുള്ള അപേക്ഷ അതത് ബാങ്കുകൾ മുഖാന്തിരമോ അതത് സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരമോ നൽകേണ്ടതാണ്. 50,000 രൂപയിൽ കൂടുതൽ തുക വായ്പ എടുത്തിട്ടുള്ളവർക്ക് 50,000 രൂപ വരെയുള്ള തുകയ്ക്ക് ഈ ആനുകൂല്യം ലഭ്യമാക്കും. വായ്പയ്ക്ക് പലിശ അടച്ചുതീർത്ത കർഷകർക്ക് അവർ നൽകിയ പലിശയ്ക്ക് തുല്യമായ തുക അവരുടെ ബാങ്ക് അക്കൗണ്ടുകൾ വഴി നൽകും. ബാങ്ക് അക്കൗണ്ടുകൾ വഴി തുക ലഭിക്കുന്നതിന് ഇതിനുള്ള അപേക്ഷകൾ വായ്പ എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ സാക്ഷ്യപത്രത്തോടുകൂടി വയനാട് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വയനാട് ജില്ലാ കളക്ടർ ഇതു സംബന്ധിച്ച ക്രോഡീകരിച്ച പട്ടിക ശുപാർശയോടുകൂടി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണ്. ഈ ആനുകൂല്യം 2005 മാർച്ച് 31-ന് മുമ്പ് വാങ്ങിയിരിക്കേണ്ടതാണ്.

(സി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

(ഡി) സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

സർവ്വീസ് കേസുകൾ

132 [1361] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാരിന് എതിരായ പരാമർശങ്ങൾ നടത്തിക്കൊണ്ട് ഗവൺമെന്റ് നിലപാടുകൾക്കെതിരെ വിവിധ കോടതികൾ എത്ര കേസുകളിൽ വിധി പ്രസ്താവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസുകളിൽ സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകർ ആരൊക്കെയാണ് ; അനുകൂല വിധി ലഭിക്കാത്ത കേസുകളിലെ അഭിഭാഷകരെ ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാം എന്നറിയിക്കുമോ ;

(സി) സർക്കാരിനുവേണ്ടി വിവിധ കോടതികളിൽ ഹാജരായ അഭിഭാഷകർക്ക് എത്ര രൂപ പ്രതിഫലം നൽകിയിട്ടുണ്ട് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസുകളിൽ കോടതി നടപടികൾ ഒഴിവാക്കുന്നതിനും പിൻവലിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതിക്ഷോഭം നേരിടാൻ നടപടി

133 [1362] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രകൃതിക്ഷോഭം നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തൊക്കെയാണ് ;

(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ചെലവാക്കിയ തുക എത്രയാണ് ;

(സി) 2003-2004 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസം എല്ലാ മേഖലകളിലും എത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന ദുരന്തങ്ങളെ നേരിടുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച്, മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും, നേരിടുന്നതിനും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കാലവർഷത്തെ തുടർന്നുണ്ടാകാവുന്ന ദുരന്തങ്ങൾ നേരിടുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചുചേർക്കുകയും ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് വെള്ളക്കെട്ട്, പകർച്ചവ്യാധികൾ, കടലാക്രമണം തുടങ്ങിയ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ജില്ലാ ആസ്ഥാനങ്ങളിലും സെക്രട്ടേറിയറ്റിലെ ദുരന്ത മാനേജ്മെന്റ് വകുപ്പിന്റെ കീഴിലും തുറന്ന് പ്രവർത്തിപ്പിക്കാറുണ്ട്. പ്രകൃതിക്ഷോഭം ഉണ്ടാകാൻ സാദ്ധ്യതയുള്ള അവസരങ്ങളിൽ ആ വിവരം റേഡിയോ, ടെലിവിഷൻ, പത്രമാദ്ധ്യമങ്ങൾ എന്നിവയിൽകൂടി മുൻകൂട്ടി ജനങ്ങളെ അറിയിക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) 2003-2004 സാമ്പത്തിക വർഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചത് 125.56 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly